**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 867** **24-02-2022 - ൽ മറുപടിയ്ക്ക്**

**സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപനത്തിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ? | (എ) | സംസ്ഥാനത്ത് സ്വാഭാവിക വനങ്ങളുടെ പുന:സ്ഥാപനത്തിനായി സർക്കാർ ഉത്തരവ് (കൈ) നം. 29/2021/വനം തീയതി 17.12.2021 പ്രകാരം ഒരു നയരേഖ അംഗീകരിച്ച് ഉത്തരവായിട്ടുള്ളതാണ്. സ്വാഭാവിക വനങ്ങളുടെ പുന:സ്ഥാപനത്തിന് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു. ആധുനിക സാങ്കേതിക സംവിധാനം ഉപയോഗിച്ച് കാടിന്റെ അതിർത്തിനിർണ്ണയം പൂർത്തീകരിച്ച് ജണ്ടകൾ നിർമ്മിച്ച് സംരക്ഷിക്കുക; വനാതിർത്തികൾ ഡിജിറ്റൈസ് ചെയ്യുക. നിലനിൽക്കുന്ന വനങ്ങളുടെ ആരോഗ്യം വീണ്ടെടുക്കുന്നതും സർക്കാർ ഉടമസ്ഥതയിലുള്ള ശോഷിച്ച വനങ്ങളായ അക്കേഷ്യ, വാറ്റിൽ, യൂക്കാലി തോട്ടങ്ങൾ ഉടങ്ങിയവയും മണ്ണ്-ജലസംരക്ഷണം എന്നിവ ലക്ഷ്യമാക്കി ഘട്ടം ഘട്ടമായി സ്വാഭാവിക വനങ്ങളാക്കി മാറ്റുക. വനത്തിന്റെ ആവാസ വ്യവസ്ഥയെ അത്യധികം പ്രതികൂലമായി ബാധിക്കുന്ന സെന്ന, ലന്റാന, മൈക്കേനിയ ഉടങ്ങിയ അധിനിവേശ സസ്യങ്ങളെ യുദ്ധകാലാടിസ്ഥാനത്തിൽ നീക്കം ചെയ്യുക. തൊഴിലുറപ്പ് പദ്ധതിയുടെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തി കാട്ടുതീ പ്രതിരോധം നടപ്പിലാക്കുക. ചെറുകിട വനവിഭവങ്ങളുടെ ശാസ്ത്രീയ ശേഖരണവും മൂല്യവർദ്ധനവും ഉറപ്പുവരുത്തുക. ജൈവവൈവിദ്ധ്യത്തിന്റെ ഉരുത്തുകളായ കാവുകളുടെ സംരക്ഷണം ഉറപ്പുവരുത്തുക. പാരിസ്ഥിതിക പ്രാധാന്യമുള്ള സ്വകാര്യ ഉടമസ്ഥതയിലുള്ള കണ്ടൽ കാടുകൾ ഉടമസ്ഥരുടെ സമ്മതത്തോടെ അർഹമായ വില നൽകി ഏറ്റെടുക്കുക. കേരളത്തിലെ പഞ്ചായത്തുകൾ "കാർബൺ ന്യൂട്രൽ" ആക്കുന്നതിനായി ആവശ്യമായ വൃക്ഷവൽകരണം നടപ്പാക്കുക. കടൽക്ഷോഭത്തിൽ നിന്നും തീരപ്രദേശങ്ങളെ സംരക്ഷിക്കുന്നതിനായി അനുയോജ്യമായ സസ്യങ്ങൾ വച്ചുപിടിപ്പിച്ച് തീരവനം |

| | | | |
|---|---|---|---|
| | | | നിർമ്മിക്കുക. നദികളുടെയും വനങ്ങളുടെയും റിസർവോയറുകളുടെയും വൃഷ്ടി പ്രദേശങ്ങളിൽ മണ്ണൊലിപ്പ് തടയുന്നതിനായി അനുയോജ്യമായ വൃക്ഷതൈകൾ പൊതുജന പങ്കാളിത്തത്തോടെ നട്ടുപിടിപ്പിക്കുന്നതാണ്. വിദ്യാലയങ്ങളിലും നഗരങ്ങളിലും മറ്റും ചെറുവനങ്ങൾ നട്ടുപിടിപ്പിക്കുക. കാർബൺ ആഗീകരണം ലക്ഷ്യമാക്കി സ്വകാര്യഭൂമിയിൽ വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്നത് പ്രോത്സാഹിപ്പിക്കുക.. പാരിസ്ഥിതിക സേവനങ്ങളുടെ വിലയിരുത്തലിന് ദീർഘ കാലാടിസ്ഥാനത്തിലുള്ള ഗവേഷണ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക. പാരിസ്ഥിതിക അവബോധം സൃഷ്ടിക്കുന്നതിന് അനുയോജ്യമായ കർമ്മപരിപാടികൾ നടപ്പിലാക്കുക. |

സെക്ഷൻ ഓഫീസർ